**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4750** **01-11-2021 - ൽ മറുപടിയ്ക്ക്**

**ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭിക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചീഫ് ആർക്കിടെക്റ്റിൽനിന്നും ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി നടക്കേണ്ട പ്രവൃത്തികൾക്ക് പ്രസ്തുത നടപടികൾ വേഗത്തിലാക്കാൻ പ്രത്യേക പരിഗണന നൽകുമോ; | (എ) | കെട്ടിട രൂപകല്പനകൾക്കാവശ്യമായ എല്ലാ വിശദാംശങ്ങളും ലഭ്യമാകുന്നതിനനുസരിച്ച് എല്ലാ പ്രോജക്ടുകളും കഴിയുന്നത്ര വേഗത്തിൽ തന്നെയാണ് രൂപകല്പന തയ്യാറാക്കി നൽകി വരുന്നത്. അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾക്ക് മുന്തിയ പരിഗണന നൽകിയാണ് ചെയ്തു വരുന്നത്. ചില ജില്ലകളിൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ തിരുവനന്തപുരം ചീഫ് ആർക്കിടെക്ടിന്റെ കാര്യാലയത്തിനു പുറമെ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ആർക്കിടെക്ട് വിംഗിന്റെ റീജിയണൽ കാര്യാലയങ്ങൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാലതാമസം നേരിടുന്ന പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനുള്ള പരിഗണന നൽകിയാണ് മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത ഡ്രോയിംഗ് ലഭിക്കുന്നതിലെ കാലതാമസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | കെട്ടിട രൂപകല്പനകൾക്കാവശ്യമായ എല്ലാ വിശദാംശങ്ങളും ലഭ്യമാകുന്നതിനനുസരിച്ച് എല്ലാ പ്രോജക്ടുകളും കഴിയുന്നത്ര വേഗത്തിൽ തന്നെയാണ് രൂപകല്പന തയ്യാറാക്കി നൽകി വരുന്നത്. അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾക്ക് മുന്തിയ പരിഗണന നൽകിയാണ് ചെയ്തു വരുന്നത്. ചില ജില്ലകളിൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ തിരുവനന്തപുരം ചീഫ് ആർക്കിടെക്ടിന്റെ കാര്യാലയത്തിനു പുറമെ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ആർക്കിടെക്ട് വിംഗിന്റെ റീജിയണൽ കാര്യാലയങ്ങൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാലതാമസം നേരിടുന്ന പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനുള്ള പരിഗണന |

| | | | |
|---|---|---|---|
| | | | നൽകിയാണ് മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നത്. |
| (സി) | 2021 ഫെബ്രുവരിയിൽ സ്ഥലപരിശോധന നടത്തിയ കുത്തുപറമ്പ് ഗവണ്മെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ് ചീഫ് ആർക്കിടെക്റ്റിൽ നിന്നും ലഭിക്കാത്തത് കാരണം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കുത്തുപറമ്പ് ഗവണ്മെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ Sketch & design ചീഫ് ആർക്കിടെക്ടിന്റെ കാര്യാലയത്തിൽ നിന്നും 2021 സെപ്റ്റംബർ 23 ന് അയച്ചിട്ടുള്ളതാണ്. ഈ പ്രോജക്ടിന്റെ Detailed Drawing തയ്യാറാക്കി വരുന്നു. Detailed Drawing നവംബർ ആദ്യ ആഴ്ചയിൽ തന്നെ ചീഫ് ആർക്കിടെക്ടിന്റെ കാര്യാലയത്തിൽ നിന്നും തയ്യാറാക്കി നൽകുന്നതാണ്. |
| (ഡി) | നവംബർ മാസം സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഡ്രോയിംഗ് ലഭിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | (ഡി) | കുത്തുപറമ്പ് ഗവണ്മെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ Sketch & design ചീഫ് ആർക്കിടെക്ടിന്റെ കാര്യാലയത്തിൽ നിന്നും 2021 സെപ്റ്റംബർ 23 ന് അയച്ചിട്ടുള്ളതാണ്. ഈ പ്രോജക്ടിന്റെ Detailed Drawing തയ്യാറാക്കി വരുന്നു. Detailed Drawing നവംബർ ആദ്യ ആഴ്ചയിൽ തന്നെ ചീഫ് ആർക്കിടെക്ടിന്റെ കാര്യാലയത്തിൽ നിന്നും തയ്യാറാക്കി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ